## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം - 14.

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - ജീവനക്കാര്യം - ആശുപത്രി അറ്റന്റർ ഗ്രേഡ്-1 തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം- (1) G.O.(MS) No: 35/2014/(185)/Fin.TVM dtd. 23/01/2014.
(2) ഇ 5-17582/2011/ഡി.ഐ.എം.എസ് തീയതി 23/10/2014 പ്രകാരമുള്ള എച്ച്.എ. ഗ്രേഡ്-2 തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ്.
(3) ഇ 5-21023/2014/ഡി.ഐ.എം.എസ് തീയതി, 25/10/2014 പ്രകാരമുള്ള നടപടിക്രമം.
(4) ഇ 5-17582/2011/ഡി.ഐ.എം.എസ് തീയതി, 30/10/2014 പ്രകാരമുള്ള നോട്ടീസ്.
(5) ഇ 5-23035/2012/ഡി.ഐ.എം.എസ് തീയതി, 22/05/2013 പ്രകാരമുള്ള നടപടിക്രമം.
(6) ഇ 5-21023/2014/ഡി.ഐ.എം.എസ് തീയതി, 31/10/2014 പ്രകാരമുള്ള നടപടിക്രമം.
(7) ഇ 5-22002/2014/ഡി.ഐ.എം.എസ് തീയതി, 10/11/2014 പ്രകാരമുള്ള നടപടിക്രമം.

-------------

## ഉത്തരവ് നമ്പർ - ഇ 5-21023/2014/ഡി.ഐ.എം.എസ് തീയതി, 28.11.2014

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം ആശുപത്രി അറ്റന്റർ ഗ്രേഡ് -1, ഗ്രേഡ്-2 തസ്തികകൾ തമ്മിൽ 1:3 അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുകയും ആശുപത്രി അറ്റന്റർ ഗ്രേഡ് -1 തസ്തികയ്ക്ക് 8730-13540 രൂപ ശമ്പളസ്കെയിൽ അനുവദിക്കുകയും ചെയ്യുകയുണ്ടായി.

പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം ആശുപത്രി അറ്റന്റർ ഗ്രേഡ് -2 തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പുതുക്കിയ റേഷ്യോ അനുസരിച്ചുള്ള തസ്തികകൾ പരാമർശം (3) പ്രകാരം നിശ്ചയിക്കുകയും, 01/02/2011-നുശേഷം ആശുപത്രി അറ്റന്റർ ഗ്രേഡ് -1, നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് പരാമർശം (4) പ്രകാരം നോട്ടീസ് നൽകുകയും, അർഹരായ ജീവനക്കാർക്ക് ആശുപത്രി അറ്റന്റർ ഗ്രേഡ് -1 തസ്തികയിലേക്ക് പരാമർശം (6) പ്രകാരവും നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് പരാമർശം (7) പ്രകാരവും ഉദ്യോഗക്കയറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ആശുപത്രി അറ്റന്റർ ഗ്രേഡ് -1 തസ്തികയിൽ ഉള്ള ഒഴിവുകളിലേക്ക് അർഹരായ ആശുപത്രി അറ്റന്റർ ഗ്രേഡ്-2 വിഭാഗം ജീവനക്കാർക്ക് Rs.8730-13540 ശമ്പളനിരക്കിൽ ആശുപത്രി അറ്റന്റർ ഗ്രേഡ് -1 ആയി, പേരിനുനേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് നിയമനം നൽകി ഉത്തരവാകുന്നു.

നിലവിൽ ആശുപത്രി അറ്റന്റർ ഗ്രേഡ് -1 തസ്തികയിൽ തുടർന്നുവരുകയും സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാത്തവരുമായ ജീവനക്കാർക്ക് അർഹമായ സ്ഥാനങ്ങൾ നൽകി വിവരം രേഖപ്പെടുത്തിയിട്ടുണ്ട്.

(.......2)